**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **23-07-2021 - ൽ മറുപടിയ്ക്ക്**

**പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.പി .രാമകൃഷ്ണൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | കോവിഡ് വ്യാപനം മൂലം വരുമാനം കുറഞ്ഞ് പ്രതിസന്ധിയിലായ മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാർക്ക് ശമ്പളം കൃത്യമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | മുഴുവൻ ക്ഷേത്ര ജീവനക്കാർക്കും ക്ഷേത്രങ്ങളുടെ വരുമാന പരിധി മാനദണ്ഡമാക്കാതെ ശമ്പളം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പ്രധാനമായും സർക്കാർ ഗ്രാന്റ് ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന സംവിധാനമാണ് മലബാർ ദേവസ്വം മാനേജ്മെന്റ് ഫണ്ട്. വാർഷിക വരുമാനം 20 ലക്ഷം രൂപയിൽ താഴെയുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക്, മാനദണ്ഡങ്ങൾക്ക് വിധേയമായി, മാനേജ്മെന്റ് ഫണ്ടിൽ നിന്ന് ശമ്പള ധനസഹായ (കുടിശ്ശിക) അനുവദിച്ച് വരുന്നുണ്ട്. കോവിഡ് - 19 പശ്ചാത്തലത്തിൽ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ഉണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന്, 2020-21 സാമ്പത്തിക വർഷം ബഡ്ജറ്റ് വിഹിതത്തിന് പുറമേ അനുവദിച്ച 20 കോടി രൂപയിൽ 19 കോടി രൂപയും, മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 3.20 കോടി രൂപയും, 2021-22 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന്റെ തനത് ഫണ്ടിൽ നിന്ന് 5 കോടി രൂപയും അധിക ധനസാഹയമെന്ന നിലയ്ക്ക് ക്ഷേത്രജീവനക്കാരുടെ ശമ്പള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ചിലവഴിച്ചിട്ടുണ്ട്. |
| (സി) | മലബാർ ദേവസ്വം ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധിയിൽ ആവശ്യമായ ഫണ്ട് ഇല്ലാത്തതുകൊണ്ട് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നൽകുന്നില്ലെന്ന വസ്തുത കണക്കിലെടുത്ത് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | കഴിഞ്ഞ സാമ്പത്തിക വർഷം 1 കോടി രൂപ, ക്ഷേത്രജീവനക്കാരുടെ ക്ഷേമനിധിയുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) | ക്ഷേമനിധിയിൽ നിന്ന് നൽകുന്ന ആനുകൂല്യങ്ങൾ | (ഡി) | ഇത് സംബന്ധിച്ച വിഷയം പരിശോധനയിലാണ്. |

| | | | |
|---|---|---|---|
| | കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ